**പതിനാലാം കേരളനിയമസഭ**

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.910 25.01.2018 ന് മറുപടിയ്ക്ക്.

**വന്യമൃഗങ്ങളുടെ ഉപദ്രവം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജു എബ്രഹാം | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) വനങ്ങളിൽ നിന്നും കാട്ടുമൃഗങ്ങൾ, ജനവാസകേന്ദ്രങ്ങളിലിറങ്ങി കൃഷിക്കും വളർത്തു മൃഗങ്ങൾക്കും മനുഷ്യജീവന് തന്നെയും ഭീഷണി ഉയർത്തുന്നതുമായി ബന്ധപ്പെട്ട് എത്ര കേസുകളാണ് കഴിഞ്ഞ വർഷത്തിനുള്ളിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) കഴിഞ്ഞ വർഷം നഷ്ടപരിഹാരം ആവശ്യപ്പെട്ടുകൊണ്ട് ഇത്തരത്തിലുള്ള 9012 നഷ്ടപരിഹാര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |
| (ബി) ഇതിൽ മനുഷ്യജീവഹാനി സംഭവിച്ചവ എത്രയെന്നും വളർത്തുമൃഗങ്ങൾ കൊല്ലപ്പെട്ടവ എത്രയെന്നും ഗുരുതര പരിക്കേറ്റ് ചികിത്സയിലായ മനുഷ്യർ എത്രയെന്നും മൃഗങ്ങൾ എത്രയെന്നും സംബന്ധിച്ച വ്യക്തമായ കണക്കുകൾ ലഭ്യമാക്കുമോ; | (ബി) വന്യമൃഗങ്ങളുടേയും പാമ്പിന്റേയും ആക്രമണം മൂലം മനുഷ്യജീവഹാനി സംഭവിച്ചതിന് 128 കേസുകളും, വളർത്തുമൃഗങ്ങൾ കൊല്ലപ്പെട്ടതിനും പരിക്കേറ്റതിനുമായി 453 കേസുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ വന്യജീവികളുടെ ആക്രമണം മൂലം 917 പേർക്ക് സാരമായ പരിക്ക് പറ്റിയതിനെ തുടർന്ന് ചികിത്സ തേടിയിട്ടുണ്ട്. |
| (സി) ഇത്തരം കേസുകളിൽ നഷ്ടപരിഹാരമോ മറ്റ് പരിഹാര നടപടികളോ സ്വീകരിച്ചവ എത്രയെന്നും സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും വ്യക്തമാക്കാമോ; | (സി) ഉത്തരം (എ)യിൽ പരാമർശിച്ച കേസ്സുകളിൽ 3330 എണ്ണത്തിന് ചുവടെ പട്ടികയിൽ ചേർക്കുന്ന നിരക്ക് പ്രകാരം നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. |

| കഷ്ടനഷ്ടങ്ങളുടെ സ്വഭാവം | നിലവിലെ നഷ്ടപരിഹാര തുക (രൂപ) | ഏറ്റവും ഒടുവിൽ തുക വർദ്ധിപ്പിച്ച ഉത്തരവിന്റെ വിശദാംശങ്ങൾ |
|---|---|---|
| വന്യജീവി ആക്രമണം മൂലമുള്ള മരണം | 5 ലക്ഷം രൂപ | സർക്കാർ ഉത്തരവ് (എം.എസ്) നം.96/2014/വനം തീയതി 17.11.2014. |
| വനത്തിനു പുറത്തു വച്ചുള്ള പാമ്പുകടി മൂലമുള്ള മരണം | 1 ലക്ഷം രൂപ | |

| | | |
|---|---|---|
| വന്യജീവി ആക്രമണം മൂലം സ്ഥായിയായ അംഗഭംഗം | പരമാവധി 75,000/- രൂപ | സർക്കാർ ഉത്തരവ് (എം.എസ്) നം.32/2013/വനം തീയതി 22.03.2013. |
| വന്യജീവി ആക്രമണം മൂലം മനുഷ്യർക്കുണ്ടാകുന്ന പരിക്ക് | പരമാവധി 75,000/- രൂപ പട്ടികവർഗ്ഗക്കാർക്ക് പരിധിയില്ലാതെ ചെലവായ മുഴുവൻ തുകയും നൽകും (മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ). | |
| വന്യജീവി ആക്രമണം മൂലമുള്ള വീടുനഷ്ടം, കന്നുകാലി നഷ്ടം | നഷ്ടത്തിന്റെ 100% (പരമാവധി 75,000/- രൂപ) | |
| വന്യജീവി ആക്രമണം മൂലമുള്ള വിളനാശം | നഷ്ടത്തിന്റെ 100% (പരമാവധി 75,000/- രൂപ) | സർക്കാർ ഉത്തരവ് (എം.എസ്) നം.02/2015/വനം തീയതി 08.01.2015. സർക്കാർ ഉത്തരവ് (എം.എസ്) നം.32/2013/വനം തീയതി 22.03.2013. |

അവശേഷിക്കുന്ന കേസുകൾക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ഡി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും വന്യമൃഗങ്ങളെ തിരിച്ച് വനത്തിൽ എത്തിക്കാനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

(ഡി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും വന്യമൃഗങ്ങളെ വനത്തിനുള്ളിൽ എത്തിക്കാനുമായി താഴെ പറയുന്ന മാർഗ്ഗങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.

1. വനാതിർത്തിയിൽ സൗരോർജ്ജ വൈദ്യുതി വേലികൾ, ആന പ്രതിരോധ കിടങ്ങുകൾ, ആന പ്രതിരോധ മതിലുകൾ എന്നിവയുടെ നിർമ്മാണം.

2. വനത്തിനു വെളിയിൽ വരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചു വിടുന്നതിനുള്ള സംവിധാനത്തോടെ റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിക്കൽ.

3. പ്രശ്നക്കാരായ ആനകളെ മയക്കി റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം.

4. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടി വെച്ചോ, കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസകേന്ദ്രങ്ങളിൽ നിന്നും അകലെയുള്ള വനമേഖലയിലേക്ക് റീ-ലൊക്കേറ്റ് ചെയ്യൽ.

5. പ്രശ്നബാധിത മേഖലകളിൽ വന്യജീവികളുടെ സഞ്ചാരം നിരീക്ഷിച്ച് എസ്.എം.എസ് മുഖാന്തിരം പ്രദേശവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകൽ.

6. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ.

7. വന്യജീവി ആക്രമണം മൂലമുള്ള കൃഷിനാശം അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽ നിന്നും കുടുംബങ്ങളെ നഷ്ടപരിഹാരം നൽകി അവരുടെ സമ്മതത്തോടെ മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ.

8. വന്യജീവി ആക്രമണം മൂലം സംഭവിക്കുന്ന ജീവഹാനി, കൃഷിനാശം എന്നിവയ്ക്ക് നഷ്ടപരിഹാരം നൽകുന്ന നടപടി.

9. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും, ചെക്ക് ഡാമുകളും നിർമ്മിക്കുന്നതിനും വനവല്ക്കരണം നടത്തുന്നതിനുമുള്ള നടപടികൾ.

10. ജനവാസ മേഖലയിൽ പ്രശ്നങ്ങളുണ്ടാക്കുന്ന കുരങ്ങുകളെ പിടിച്ചു മാറ്റാനും നിയമാനുസരണം വന്ധ്യംകരിക്കുവാനും ഉള്ള നടപടികൾ.

11. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ജനപങ്കാളിത്തത്തോടെ രൂപീകരിച്ച ജനജാഗ്രതാ സമിതികൾ മുഖേനയുള്ള പ്രവർത്തനങ്ങൾ.

(signature)
സെക്ഷൻ ഓഫീസർ